# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** — **14/02/2013 ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്ന് ദൗർലഭ്യം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ | വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ അത്യാവശ്യത്തിന് മരുന്ന് ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിസ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. ആരോഗ്യവകുപ്പ് ഡയറക്ടറുടെയും അരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും വാർഷിക ഇൻഡൻറുകൾ പ്രകാരം മരുന്നുകൾ സംഭരിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേക്കും വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | ആശുപത്രികളിൽ ആവശ്യമുള്ള മരുന്നുകൾ സംഭരിക്കാതെ അനാവശ്യവും ഗുണനിലവാരം കുറഞ്ഞതുമായ മരുന്നുകൾ വാങ്ങിക്കൂട്ടിയതാണ് കോടികൾ വിലയുള്ള മരുന്നുകൾ ഉപയോഗശൂന്യമാകാൻ പ്രധാനകാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഓരോ സാമ്പത്തിക വർഷവും തയ്യാറാക്കുന്ന അവശ്യമരുന്നുകളുടെ പട്ടിക (Essential Drug List) പ്രകാരം ആരോഗ്യവകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സർക്കാർ ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റിലൂടെ ആവശ്യപ്പെടുന്ന അളവിലുള്ള മരുന്നുകളാണ് കോർപ്പറേഷൻ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വിതരണം ചെയ്തു വരുന്നത്. 2007-ൽ കേരള |

| | | | |
|---|---|---|---|
| | | | മെഡിക്കൽ സർവീസ് കോർപ്പറേഷൻ രൂപീകൃതമാകുന്നതിനു മുമ്പ് സെൻട്രൽ പർച്ചേസ് കമ്മിറ്റി വാങ്ങിയതും, കാലാവധി കഴിഞ്ഞതും ഉപയോഗ ശൂന്യവുമായ മരുന്നുകൾ നശിപ്പി ക്കാനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ പ്രവർത്തന മാരംഭിച്ച ശേഷം ഇത്തരം സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. |
| (സി) | ഉപയോഗശൂന്യമായ മരുന്നുകൾ നശിപ്പിക്കുന്നതിന് വൻതുക വേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. ഇതിനാവശ്യമായ തുക അനുവദിച്ചുകൊണ്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നിയന്ത്രണത്തിലുള്ള 'ഇമേജ്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയുണ്ട്. |
| (ഡി) | അനാവശ്യവും ഗുണനിലവാരം കുറഞ്ഞതുമായ മരുന്നുകൾ വാങ്ങിക്കൂട്ടിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | രോഗികളുടെ എണ്ണവും ഏതൊക്കെ രോഗങ്ങൾക്ക് ചികിത്സ നടത്തേണ്ടി വന്നേക്കാം എന്ന ഏകദേശ പ്രതീക്ഷിത കണക്കിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓരോ വർഷവും മരുന്നുകളുടെ ഇൻഡന്റ് നൽകി വരുന്നത്. ഇപ്രകാരം വാങ്ങുന്ന മരുന്നുകൾ വിവിധങ്ങളായ കാരണങ്ങളാൽ എല്ലായ്പ്പോഴും ഉപയോഗിക്കാൻ കഴിഞ്ഞു എന്നു വരില്ല. കാലാകാലങ്ങളായി ഇപ്രകാരം ഉപയോഗിക്കാൻ കഴിയാതെ പോയ മരുന്നുകളാണ് |

| | | | |
|---|---|---|---|
| | | | ഉപയോഗശൂന്യമായിത്തീർന്നിട്ടുള്ളത്. ഏതെങ്കിലും വ്യക്തികളിൽ ഇതിന്റെ ഉത്തരവാദിത്തം പൂർണ്ണമായി ചുമത്തുന്നത് യുക്തിഭദ്രമല്ല. ആയതിനാൽ കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ